

# റെനെ മാഗ്രിറ്റ്: സർറിയലിസത്തിന്റെ സർഗസമസ്യകൾ

**സർഗാത്മകതയും മനുഷ്യമനസ്സിന്റെ അബോധമണ്ഡലവും തമ്മിലുള്ള ബന്ധമാണ് റെനെ മാഗ്രിറ്റ് ഉൾപ്പെടെയുള്ള സർ റിയലിസ്റ്റുകൾക്ക് വിഷയമായത്**

ഫാ. ഡോ. കെ.എം. ജോർജ്

ബെൽജിയംകാരനായ റെനെ മാഗ്രിറ്റ് (Rene Magritte 1898-1967) അറിയപ്പെടുന്നത് പ്രശസ്തനായ സർറിയലിസ്റ്റ് ചിത്രകാരൻ എന്ന നിലയിലാണ്. പക്ഷേ, സർറിയലിസം എന്ന കലാപ്രസ്ഥാനത്തിന്റെ നിർവചനങ്ങളിൽ പൂർണമായും ഒതുങ്ങുന്നതല്ല മാഗ്രിറ്റിന്റെ ചിത്രരചനകളും കലാദർശനവും. ഒരു വശത്ത്, സാധാരണ ചിത്രാസ്വാദകർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള പ്രഹേളികാരൂപത്തിലാണ് അദ്ദേഹത്തിന്റെ ചിത്രങ്ങൾ രചിക്കപ്പെട്ടത്; എങ്കിലും മറുവശത്ത് മാഗ്രിറ്റ് വരച്ച ചിത്രരൂപങ്ങളുടെ വശ്യമായ യഥാതഥത്വം ആരെയും ആകർഷിക്കും. പോസ്റ്ററുകളിലും പുസ്തകത്തിന്റെ പുറംചട്ടകളിലുമായി, ജനകീയ ശ്രദ്ധ ഏറ്റവും അധികം ലഭിച്ച ചിത്രങ്ങളാണിവ. പുസ്തകത്തിന്റെ കവർ ഡിസൈനിംഗിൽ ഇത്രയധികം മറ്റാരുടെയും ചിത്രങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നാണ് ചിലർ കണക്കു കൂട്ടുന്നത്. 1970-കളുടെ ആദ്യം പാരീസിൽ മാഗ്രിറ്റിന്റെ ചിത്രങ്ങളുമായി പരിചയപ്പെട്ട നാൾ മുതൽ വ്യക്തിപരമായി അവയോടും കലാകാരന്റെ ദാർശനിക വീക്ഷണത്തോടുമുണ്ടായ ആഭിമുഖ്യം കൊണ്ടുകൂടിയാണ് ഈ പ്രഭാഷണത്തിനു ഈ വിഷയം സ്വീകരിച്ചത്.

## എന്താണ് സർറിയലിസം?

സർറിയലിസം (Surrealism) ഫ്രെഞ്ച് പദമാണ്. സ്യുർ (Sur) എന്ന ഉപസർഗത്തിനർത്ഥം ഉപരി, അതീതം എന്നൊക്കെയാണ്. സർറിയലിസം എന്നാൽ, റിയലിസത്തിന് അല്ലെങ്കിൽ യഥാതഥവാദത്തിന് അതീതമായത് എന്ന് ആക്ഷരികമായി അർത്ഥം കൊടുക്കാം.

1920-കളിൽ ആരംഭിച്ച് 1960-കൾ വരെയും പാശ്ചാത്യ കലാലോകത്ത് നിർണായകമായ സ്വാധീനം ചെലുത്തിയ സർറിയലിസത്തിന്റെ സ്ഥാപക വക്താവായി കരുതപ്പെടുന്നത് ആന്ദ്രേ ബ്രെത്തോങ് (Andre Breton 18961966) എന്ന ഫ്രെഞ്ചുകാരനാണ്. കവിയും ചിന്തകനും സാഹിത്യവിമർശകനുമായിരുന്ന ബ്രെത്തോങ് തയാറാക്കിയ 'സർറിയലിസ്റ്റ് മാനിഫെസ്റ്റോ' എന്ന പ്രബന്ധം 1924-ൽ പ്രസിദ്ധീകരിച്ചു.

## ബൂർഷ്വാ ആധുനികത

ആധുനികം എന്നു വിശേഷിപ്പിക്കപ്പെടുന്ന ചിന്താതരംഗം കലയിലും സാഹിത്യത്തിലും വാസ്തുശില്പത്തിലുമെല്ലാം കഴിഞ്ഞ 150 വർഷങ്ങളായി പാശ്ചാത്യലോകത്ത് നിലനിന്നിരുന്നു. അതുവരെ യൂറോപ്പിൽ നിലനിന്നിരുന്ന കലാസമ്പ്രദായത്തോടും കലയിലെ ജന്മിത്ത്വാവകാശങ്ങളോടും അതിന്റെ യുക്തിയോടും കഠിനമായി കലഹിച്ചുകൊണ്ടാണ് കലയിലെ ആധുനികത ഉദ്ഭവിച്ചത്. യൂറോപ്പിൽ ഇടപ്രഭുക്കന്മാരും വർത്തക പ്രമാണിമാരും ഉന്നതകുലജാതരും ക്രിസ്തീയ മതനേതാക്കളും മറ്റും തങ്ങൾക്ക് അനുകൂലമായി നിലനിർത്തിയിരുന്ന സാമൂഹ്യ-സാമ്പത്തിക-മത വ്യവസ്ഥയാണ് 'ബൂർഷ്വാ' എന്ന പേരിൽ അറിയപ്പെട്ടത്. കലയേയും സാഹിത്യത്തേയും 'നഗരവാസികളായ മേലാളന്മാരു'ടെ വ്യവസ്ഥിതിക്ക് അടിമവേല ചെയ്യാൻവേണ്ടിയാണ് ഒട്ടൊക്കെ അവർ പരിപോഷിപ്പിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി തിരിച്ചടികൾ ഉണ്ടായിത്തുടങ്ങിയെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് സംഘടിതമായ കലാ-സാഹിത്യ പ്രസ്ഥാനങ്ങൾ പുതിയൊരു സാമൂഹിക യാഥാർത്ഥ്യ ദർശനത്തിനു രൂപം കൊടുക്കുന്നത്. ഇവിടെ നാം ചിത്രകലയിലെ കാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

മൂന്നു കാര്യങ്ങൾ ബൂർഷ്വാ വ്യവസ്ഥിതിയുടെ അടയാളമായി എടുത്തു പറയേണ്ടതുണ്ട്:

യുക്തിവാദം (rationality), സൗന്ദര്യ സങ്കല്പം (aesthetics), സദാചാര വ്യവസ്ഥ (morality). ഇവ മൂന്നിനേയുമാണ് ആധുനിക കല തിരസ്ക്കരിച്ചത്. മസ്തിഷ്കയുക്തിയുടെ നിയന്ത്രണത്തിനും സൗന്ദര്യശാസ്ത്രപരമോ സദാചാരപരമോ ഏതെങ്കിലും പരിമിതികൾക്കും വിധേയമാകാതെ സ്വാതന്ത്ര്യവും നിസർഗവുമായ ആവിഷ്ക്കാരമാണ് സർറിയലിസത്തിൽ നാം കാണുന്നത്. സൈക്കിക് ഓട്ടോമേഷൻ (psychic automation) എന്ന് ആന്ദ്രേ ബ്രെത്തോങ് വിളിച്ച ഈ പ്രവണതയ്ക്ക് ഫ്രോയിഡിന്റെ സൈക്കോ അനാലിസിസുമായി ബന്ധമുണ്ട്.

## ഫ്രോയിഡും സർറിയലിസവും

സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണ പഠനങ്ങൾ യൂറോപ്പിൽ വ്യാപകമായി അറിയപ്പെട്ട കാലത്താണ് സർറിയലിസ്റ്റ് പ്രസ്ഥാനം അവിടെ ഉരുത്തിരിയുന്നത്. മനുഷ്യമനസ്സിന്റെ ബോധമണ്ഡലത്തിനടിയിൽ വർത്തിക്കുന്ന ഉപബോധ-അബോധ മേഖലകളെക്കുറിച്ച് ഫ്രോയിഡ് ഉന്നയിച്ച ആശയങ്ങൾ സർറിയലിസ്റ്റ് ചിന്തയ്ക്ക് പ്രചോദനം നൽകി. 'സ്വപ്നങ്ങളുടെ വ്യാഖ്യാനം' ഫ്രോയിഡിയൻ സിദ്ധാന്തത്തിന്റെ ആണിക്കല്ലായിരുന്നല്ലോ. ആന്ദ്രേ ബ്രെത്തോങിനേയും കൂട്ടുകാരേയും അതു സ്വാധീനിച്ചു. മനസ്സിന്റെ ആഴങ്ങളിൽ അടിച്ചമർത്തപ്പെടുകയും വിവിധ രൂപങ്ങളിൽ സ്വപ്നങ്ങളിലും ബോധത്തിലും അവതരിക്കുകയും ചെയ്യുന്ന കാമനകളും ലൈംഗികതയും ഭ്രാന്തസങ്കല്പങ്ങളും എല്ലാം എങ്ങനെ മനോരോഗ ലക്ഷണങ്ങളായി പ്രത്യക്ഷപ്പെടുന്നു, എങ്ങനെ അവയെ തിരിച്ചറിയാം, ആ തിരിച്ചറിവിലൂടെ എങ്ങനെ രോഗശമനം ഉണ്ടാക്കാം എന്നൊക്കെയായിരുന്നല്ലോ ഫ്രോയിഡിന്റെ അന്വേഷണം.

നമ്മുടെ ബോധപൂർവമായ മനോഭാവത്തേയും പ്രവർത്തനശൈലിയേയും നാമറിയാത്ത വിധത്തിൽ നമ്മുടെ അബോധ മനസ്സ് അതിശക്തമായി നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നത് ഫ്രോയിഡിന് ബോധ്യമായിരുന്നു.

സർറിയലിസത്തിന്റെ സ്ഥാപകനും പ്രവാചകനുമായിരുന്ന ആന്ദ്രേ ബ്രെത്തോങ് മെഡിക്കൽ ഡോക്ടറായും മനോരോഗ ചികിത്സകനായും പരിശീലനം നേടിയ ആളായിരുന്നു. ഒന്നാം ലോകയുദ്ധത്തിൽ പരിക്കേറ്റ പടയാളികളെ ചികിത്സിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രോയിഡിന്റെ മനോവിശ്ലേഷണ സങ്കേതം (psychoanalysis) ആണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്.

സർറിയിലിസ്റ്റ് പ്രസ്ഥാനത്തിൽ

ഫ്രോയിഡിന്റെ ചിന്തകൾ അടിസ്ഥാനമായിരുന്നെങ്കിലും രോഗചികിത്സ എന്ന ലക്ഷ്യം അതിനില്ലായിരുന്നു. സ്വപ്നലോകത്തിലെന്നപോലെ യാതൊരു തരത്തിലുള്ള പരമ്പരാഗത സൗന്ദര്യസങ്കല്പങ്ങളോ സദാചാര താല്പര്യങ്ങളോ ഇല്ലാതെ കയറൂരിവിട്ട ചിന്തകളും ഫാന്റസിയും നിരങ്കുശമായ സഹജവാസനകളും ബോധധാരകളും ചിത്രകലയിലും കവിതയിലും മറ്റ് കലാസാഹിത്യരൂപങ്ങളിലും എങ്ങനെ ആവിഷ്ക്കരിക്കാം എന്നതായിരുന്നു സർറിയലിസ്റ്റുകളുടെ അന്വേഷണം. സർഗാത്മകതയും മനുഷ്യമനസ്സിന്റെ അബോധമണ്ഡലവും തമ്മിലുള്ള ബന്ധമാണ് അവരെ ആകർഷിച്ചത്. സർഗവൃത്തിയെ സംബന്ധിച്ച് പറയുമ്പോൾ, ഒരു മഹാ രത്നഖനിയാണ് അബോധമനസ്സ്. 'ഫ്രീ അസോസ്യേഷൻ' എന്ന മനോവിശ്ലേഷണ സങ്കേതം മറ്റൊരു വിധത്തിൽ സർറിയലിസ്റ്റ് ചിത്രകാരന്മാരും എഴുത്തുകാരും സ്വീകരിച്ചു. 'സൈക്കിക് ഓട്ടോമാറ്റിസം' എന്നാണ് ആന്ദ്രേ ബ്രെത്തോങ് തന്റെ ഉപന്യാസത്തിൽ സർറിയലിസ്റ്റ് ശൈലിയെ വിശേഷിപ്പിച്ചത്. ബോധമണ്ഡലത്തിന്റെ യുക്തിയോ മേലാളവർഗത്തിന്റെ മാന്യതാ സങ്കല്പമോ സദാചാര വ്യവ



റെനെ മാഗ്രിറ്റ് അദ്ദേഹം വരച്ച ചിത്രത്തിനു മുന്നിൽ

സ്ഥകളോ സൗന്ദര്യ മാതൃകകളോ ഒന്നും ബാധിക്കാതെ, സ്വതന്ത്രവും അനർഗളവുമായ സർഗാവിഷ്കാരമാണ് സൈക്കിക് ഓട്ടോമാറ്റിസം. സാഹിത്യത്തിൽ അത് ബോധധാരാ (stream of consciousness) സമ്പ്രദായമായി അറിയപ്പെട്ടു. ചിത്രകലയിൽ തമ്മിൽ ഒട്ടുമേ ചേരാത്ത ബിംബങ്ങളും പ്രതിബിംബങ്ങളും പശ്ചാത്തലങ്ങളും ഒരുമിച്ച് കൊണ്ടുവന്ന് (juxtaposition), ഭ്രാന്തമെന്ന് യാഥാസ്ഥിതികന്മാർ വിശേഷിപ്പിച്ചേക്കാവുന്ന ഒരു യാഥാർത്ഥ്യ ദർശനം സാധ്യമാക്കുക എന്ന ലക്ഷ്യം ഇവിടെയുണ്ട്. അതിലൂടെ നിലവിലുള്ള എല്ലാ സൗന്ദര്യസങ്കല്പങ്ങളേയും പൊളിച്ചെഴുതുക ഇതായിരുന്നു സർറിയലിസ്റ്റ് ലക്ഷ്യം. വളരെ ലളിതവൽക്കരിച്ചു പറഞ്ഞാൽ, സൈക്കിക് ഓട്ടോമാറ്റിസം എന്നാൽ, പേന കടലാസ്സിൽ തൊട്ടുകഴിഞ്ഞാൽ അത് എഴുതിക്കൊണ്ടേയിരിക്കും. കടലാസ്സിൽ പെൻസിൽ മുട്ടിച്ചാൽ അതു വരച്ചുകൊണ്ടേയിരിക്കും. കാൻവാസ്സിൽ ചായം മുക്കിയ ബ്രഷ് തൊട്ടാൽ 'ചിത്രം' ഉരുത്തിരിഞ്ഞു തുടങ്ങും. ഇതൊരു അതിശയോക്തിയാണ്. കാരണം ചിത്രകലയുടെ സാങ്കേതികത നന്നായി പഠിക്കുകയും യഥാതഥരൂപങ്ങൾ അതിസൂക്ഷ്മമായി ആവിഷ്ക്കരിക്കാൻ വൈദഗ്ദ്ധ്യം നേടുകയും ചെയ്തവരായിരുന്നു മിക്ക സർറിയലിസ്റ്റ് ചിത്രകാരന്മാരും. (മാഗ്രിറ്റിന്റെ ചിത്രങ്ങൾ കാണുമ്പോൾ അതു വ്യക്തമാകും.)

ആന്ദ്രേ ബ്രെത്തോങ് വിയന്നായിൽ പോയി ഫ്രോയിഡിനെ കാണുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഫ്രോയിഡിന്റെ പിന്തുണ സർറിയലിസ്റ്റ് പ്രസ്ഥാനത്തിന് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ, തണുപ്പൻ മനോഭാവമായിരുന്നു ഫ്രോയിഡിന്. പിന്നീട് ലണ്ടനിൽ വച്ച് പ്രസ്ഥാനത്തിന്റെ പ്രമുഖ വക്താക്കളിൽ ഒരാളായിരുന്ന സാൽവദോർ ദാലിയുടെ ചിത്രങ്ങൾ കാണുകയും തൽഫലമായി അല്പം കൂടി ഉത്സാഹത്തോടെ ഇതേക്കുറിച്ച് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഫ്രോയിഡ് ഒരിക്കലും പ്രസ്ഥാനത്തിന് പരസ്യമായി പിന്തുണ നൽകിയില്ല. അബോധമണ്ഡലത്തിലെ ചോദനകളാണ് തങ്ങളുടെ കൃതികളിൽ എന്ന സർറിയലിസ്റ്റ് അവകാശവാദത്തെ അദ്ദേഹം അംഗീകരിച്ചില്ല. അവർ അബോധമെന്ന് പറയുന്നത് ബോധത്തിന്റെ യുക്തി തന്നെയാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. 1966-ൽ ബ്രെത്തോങ്ങിന്റെ മരണത്തോടുകൂടി ഒരു പ്രസ്ഥാനമെന്ന നിലയിൽ സർറിയലിസം അവസാനിച്ചു. പക്ഷേ, അത് നിലവിലിരുന്ന സൗന്ദര്യ സങ്കല്പങ്ങൾക്കും ലോകദർശനത്തിനും നൽകിയ തിരിച്ചടികളും ഉൾക്കാഴ്ചകളും പലതരത്തിൽ കലയിലും സാഹിത്യത്തിലും നിലനിന്നു.

## ദാദായിസം

സർറിയലിസത്തിന് മുന്നോടിയായി വന്ന 'ദാദായിസം' എന്ന പ്രസ്ഥാനത്തെക്കുറിച്ചും ഒരു വാക്കു പറയേണ്ടതുണ്ട്. 1916-ൽ സ്വിറ്റ്സർലണ്ടിലെ സൂറിഖിൽ ആരംഭിച്ച ദൃശ്യകലാ-സാഹിത്യപ്രസ്ഥാനമാണ് ദാദായിസം (Dadaism). ഒന്നാം ലോകയുദ്ധത്തിന്റെ ക്രൂരതകളും ദുരന്തവും കണ്ട് യുദ്ധവിരോധികളായിത്തീർന്ന കുറെ ചിത്രകാരന്മാരാണ് നേതൃത്വം കൊടുത്തത്. അന്ന് യൂറോപ്യൻ കലയിൽ നിലനിന്നിരുന്ന മാനദണ്ഡങ്ങളെ പുച്ഛിക്കുകയും തിരസ്ക്കരിക്കുകയും ചെയ്തു. യൂറോപ്പിൽ ഉരുത്തിരിഞ്ഞ യാന്ത്രിക-വ്യാവസായിക സംസ്ക്കാരത്തിന്റെ അതിരുകടന്ന ആത്മവിശ്വാസവും അധീശത്വബോധവുമാണ് യുദ്ധവും ദുരന്തവും സൃഷ്ടിക്കുന്നത് എന്നായിരുന്നു ദാദായിസ്റ്റുകളുടെ ബോധ്യം. അതുകൊണ്ട് കലയിൽ വ്യവസ്ഥാപിതത്വത്തിന്റെ അളവുകോലുകൾ നിരാകരിച്ചു. യുദ്ധത്തിന്റെ യുക്തിയും അവർ നിഷേധിച്ചു. അസംബന്ധ ചിത്രങ്ങളും പ്രകോപനപരമായ രചനകളും നടത്തി. ഒരു നല്ല ഉദാഹരണമാണ് മർസേൽ ദ്യൂഷാമ്പിന്റെ (Marcel Duchamp) മോണാലിസ. ഡാവിഞ്ചിയുടെ മഹാപ്രഹേളികയായി വാഴ്ത്തപ്പെട്ട അതിപ്രശസ്ത ചിത്രമായ മോണാലിസയ്ക്ക് കൊമ്പൻമീശ വരച്ചു ചേർത്തതിലൂടെ ഉപരിവർഗത്തിന്റെ സൗന്ദര്യ-സദാചാര സങ്കല്പങ്ങളെയെല്ലാം പരിഹാസ്യമാക്കി. ദാദായിസം ഫ്രാൻസിലും ജർമനിയിലും റുമേനിയയിലും അമേരിക്കയിലുമൊക്കെ പ്രചരിച്ചെങ്കിലും അതു വ്യവസ്ഥാപിത സമൂഹത്തോടുള്ള കടുത്ത പ്രതിഷേധമായി മാറിയിരുന്നതുകൊണ്ട്, അധികനാൾ നിലനിന്നില്ല. സർറിയലിസം, പോസ്റ്റ് മോഡേണിസം തുടങ്ങിയ പിൽക്കാല പ്രസ്ഥാനങ്ങൾക്ക് വഴിയൊരുക്കുന്നതിൽ ദാദായിസത്തിന് വലിയ പങ്കുണ്ട്.

## മാഗ്രിറ്റും സർറിയലിസവും

റെനേ മാഗ്രിറ്റ് സർറിയലിസ്റ്റ് പ്രസ്ഥാനത്തിൽ ചേരുന്നത് അല്പം താമസിച്ച് 1927-ലാണ്. ആ സമയത്ത് പാരീസിൽ ബ്രെത്തോങ്ങിനോടൊപ്പം കവിയായ പോൾ എല്യുവാർ, പ്രമുഖ സർറിയലിസ്റ്റ് ചിത്രകാരനായ സാൽവദോർ ദാലി എന്നിവരും ഉണ്ടായിരുന്നു. പക്ഷേ, ഒരിക്കലും പൂർണമായും സർറിയലിസത്തിന്റെ നിർവചനങ്ങൾക്കും ചൊൽപ്പടിക്കും വഴങ്ങിക്കൊടുക്കാൻ താല്പര്യമില്ലാതിരുന്ന മാഗ്രിറ്റ് ഏതാണ്ടൊരു സ്വതന്ത്ര നിലപാടാണ് എടുത്തിരുന്നത്. ഒരവസരത്തിൽ ബ്രെത്തോങ്ങുമായി തെറ്റുകയും ചെയ്തു. വളരെ ചെറുപ്പത്തിലെ തന്നെ ബൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിലെ ഫൈൻ ആർട്സ് അക്കാദമിയിൽ ചേർന്ന് യഥാതഥ ചിത്രകലയുടെ എല്ലാ രചനാ സങ്കേതങ്ങളും വളരെ നന്നായി അഭ്യസിച്ചു. പിൽക്കാലത്ത് സർറിയലിസ്റ്റ് രീതിയിൽ ചിത്രങ്ങൾ സൃഷ്ടിച്ചപ്പോഴും അദ്ദേഹം വരച്ച രൂപങ്ങളും വസ്തുക്കളും ഫോട്ടോറിയലിസം എന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ പൂർണതയുള്ളവ ആയിരുന്നു. മാഗ്രിറ്റിന്റെ ചിത്രകലയെ നിർണായകമായി സ്വാധീനിച്ച ഒരു ബാല്യകാലാനുഭവത്തെക്കുറിച്ച് ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മാഗ്രിറ്റിന്റെ അമ്മ റജീന വിഷാദരോഗിയായിരുന്നു. ആത്മഹത്യാപ്രവണത ഉണ്ടായിരുന്നതുകൊണ്ട് ഭർത്താവ് അവരെ മുറിയിൽ പൂട്ടിയിടുമായിരുന്നത്രേ. ഒരു രാത്രിയിൽ അവർ എങ്ങനെയോ പൂട്ടുപൊളിച്ച് വീടിനു പുറത്തിറങ്ങി അടുത്തുള്ള സാമ്പ്രേ നദിയിൽ ചാടി മരിച്ചു. അവരുടെ ശരീരം കണ്ടെടുക്കുമ്പോൾ, അവർ ധരിച്ചിരുന്ന നൈറ്റ് ഗൗൺ

മേലോട്ട് ചുരുണ്ടുകൂടി അവരുടെ മുഖം പൂർണമായി മറച്ചിരുന്നു. അന്ന് മാഗ്രിറ്റിന് 13 വയസ്സായിരുന്നു. മുഖം മൂടിപ്പോയ അമ്മയുടെ നഗ്നമായ മൃതശരീരത്തിന്റെ ദുരന്തദൃശ്യം കാണേണ്ടിവന്ന ആ ബാലന്റെ ഹൃദയത്തിൽ അതു തീരാത്ത ക്ഷതമേല്പിച്ചു. മാഗ്രിറ്റിന്റെ ചിത്രങ്ങളിൽ മനുഷ്യരൂപങ്ങൾക്ക് ഒരിക്കലും ശരിയായ മുഖമില്ല. ഏതെങ്കിലും തരത്തിൽ ആച്ഛാദനം ചെയ്യപ്പെട്ടതോ വികലമായിത്തീർന്നതോ ആണ് മുഖം.

മാഗ്രിറ്റിന്റെ ചിത്രങ്ങളെല്ലാം ഓരോ തരത്തിൽ പ്രഹേളികകളാണ്. ഉത്തരമില്ലാത്ത ചോദ്യങ്ങളാണവ ഉയർത്തുന്നത്. നമ്മുടെ ശ്രദ്ധ ആദ്യം പതിയുന്നത് അതിമനോഹരമായി യഥാർത്ഥത്തിലുള്ളത് ഒപ്പിയെടുത്തതുപോലെ കൃത്യതയോടും വൈദഗ്ദ്ധ്യത്തോടേയും വരച്ചിരിക്കുന്ന രൂപങ്ങളിലും ബിംബങ്ങളിലുമാണ്. എന്നാൽ, അടുത്ത നിമിഷം ചിത്രത്തിന്റെ സമസ്യാ സ്വഭാവം നമ്മെ ചിന്താക്കുഴപ്പത്തിലാക്കും. എന്താണ് ഇത് ഇങ്ങനെ? അക്കാണുന്നതിന്റെ പിൻഭാഗം എങ്ങനെയാണ്? എന്താണ് മറഞ്ഞിരിക്കുന്നത് വെളിപ്പെടുത്താത്തത്?

## ചില ഉദാഹരണങ്ങൾ




**ഈ** ചിത്രം കണ്ടാൽ, ഇതു പുകവലിക്കാൻ ഉപയോഗിക്കുന്ന ഒരു പൈപ്പ് ആണ് എന്ന് എല്ലാവരും പറയും. പക്ഷേ, ചിത്രത്തിനുള്ളിൽത്തന്നെ ചിത്രകാരൻ ഫ്രെഞ്ചിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: "ഇതൊരു പൈപ്പ് അല്ല" എന്നാണതിനർത്ഥം. അതീവ യഥാതഥ ശൈലിയിൽ വരച്ചിരിക്കുന്ന പൈപ്പ് കണ്ട് ചിലർ മാഗ്രിറ്റിനോട് ചോദിച്ചു: "എന്താണ് നിങ്ങൾ 'ഇതൊരു പൈപ്പ് അല്ല' എന്നെഴുതിയിരിക്കുന്നത്? ഇതൊരു പൈപ്പാണല്ലോ?"

ചിത്രകാരന്റെ മറുപടി: "ശരി, എങ്കിൽ നിങ്ങൾ അതിൽ പുകയില നിറച്ച് വലിച്ചുനോക്കൂ."

വാസ്തവമാണല്ലോ. ഇത് പൈപ്പിന്റെ ചിത്രം മാത്രമാണ്. ഇതൊരു ദാർശനിക പ്രഹേളികയാണ്. ദ്വൈതാദ്വൈത സമസ്യയെക്കുറിച്ച് സഹസ്രാബ്ദങ്ങളായി മനനം ചെയ്യുന്ന ഭാരതീയ മനസ്സിന് ഒരുപക്ഷേ, ഇത് മനസ്സിലാകും. വ്യാവഹാരികവും പ്രാതിഭാസികവും പാരമാർത്ഥികവുമായവ തമ്മിലുള്ള പ്രഹേളികാബന്ധമാണല്ലോ ഭാരതീയ വേദാന്തചിന്തയുടെ മുഖ്യവിഷയങ്ങളിലൊന്ന്. നാം കാണുന്നതും കേൾക്കുന്നതും അറിയുന്നതുമെല്ലാം വാസ്തവത്തിൽ മനോഹരമായ ഈ ചിത്രങ്ങൾപോലെയാണ്. യഥാർത്ഥത്തിൽ ഉള്ളതിന്റെ വ്യാജവൽക്കരണമാണ്. 'ചിത്രങ്ങൾ ചതിക്കുന്നു' എന്ന ശീർഷകം അർത്ഥവത്താണ്.

വളരെ സുഭഗമായി വേഷം ധരിച്ച്, മുടി ചീകിവച്ചിരിക്കുന്ന ഒരാൾ നിലക്കണ്ണാടിയിൽ നോക്കുന്നു. കണ്ണാടിയിൽ അയാളുടെ മുഖവും മുൻഭാഗവും പ്രതിഫലിച്ച് കാണുമെന്നാണ് നമ്മുടെ പ്രതീക്ഷ. അതു കാണാൻ നമുക്ക് കടുത്ത ആഗ്രഹവുമുണ്ട്. പക്ഷേ, അയാളുടെ പിൻഭാഗത്തിന്റെ ആവർത്തനമാണ് കണ്ണാടിയിൽ നാം കാണുന്നത്. 'കോപ്പിയെടുക്കുന്നത് നിരോധിച്ചിരിക്കുന്നു' എന്നാണ് ശീർഷകമെങ്കിലും വാസ്തവത്തിൽ ഇപ്പോൾ നമുക്കു ദൃശ്യമാകുന്ന ശരീരത്തിന്റെ പിൻഭാഗം കണ്ണാടിയിൽ കോപ്പി ചെയ്തിരിക്കയാണ്. വ്യക്തിയുടെ സ്വത്വം കണ്ടെത്തണമെങ്കിൽ അയാളുടെ മുഖം കാണണമെന്നാണ് നാം കരുതുന്നതും ആഗ്രഹിക്കുന്നതും. പക്ഷേ, ചിത്രത്തിൽ അത് നിരോധിച്ചിരിക്കുന്നു.

നമ്മുടെതന്നെ കാഴ്ചയെ നാം വീണ്ടും കാണുകയാണ്. നമ്മിലേക്കും നമ്മുടെ കാഴ്ചപ്പാടിലേക്കും നാം തിരിച്ചെറിയപ്പെടുന്നു. നാം ഇപ്പോൾ കാണുന്നതിന്റെ എല്ലാം അപ്പുറം കാണാനാണ് നമ്മുടെ യഥാർത്ഥ താല്പര്യം. പക്ഷേ, നമുക്കു ലഭിക്കുന്നത് വ്യാജദർശനം. കണ്ണാടിയുടെ വഞ്ചനാത്മകമായ സ്വഭാവത്തെ മറ്റു നിരവധി ചിത്രങ്ങളിൽ മാഗ്രിറ്റ് ആവിഷ്ക്കരിക്കുന്നുണ്ട്. യാഥാർത്ഥ്യം എന്നും വാസ്തവമെന്നും നാം പറയുന്നത് ഇങ്ങനെ അബദ്ധജടിലമായ അവിദ്യയാണ് എന്നും വ്യാഖ്യാനിക്കാം. അതിനപ്പുറം കാണാനുള്ള ത്വരയാണ് ആദ്ധ്യാത്മികദർശനത്തിന്റെ അടിസ്ഥാനമെന്നും ചിന്തിക്കാം.



"കോപ്പിയെടുക്കുന്നത് നിരോധിച്ചിരിക്കുന്നു" 1937

വീണ്ടും കാഴ്ചയുടേയും കണ്ണാടിയുടേയും പ്രഹേളിക. നിങ്ങളുടെ കണ്ണിലേക്ക് നോക്കിനിൽക്കുന്ന എന്റെ പ്രതിരൂപമാണ് ആ കണ്ണിൽ പ്രതിഫലിക്കേണ്ടത്. പക്ഷേ, ഞാൻ കാണുന്നത് നിങ്ങളുടെ കണ്ണിനുള്ളിൽ അനന്തമായ നീലാകാശവും വെൺമേഘങ്ങളും. എന്നെയും നിങ്ങൾ അനന്തസാധ്യതയുടെ പ്രതീകമായി കണ്ടാൽ നാം പരസ്പരം കാണുന്നത് നമ്മുടെ കണ്ണുകൾ കാണിച്ചുതരുന്നതിന് എത്രയോ അപ്പുറമാണ്. കാഴ്ചയ്ക്കപ്പുറമുള്ള കാഴ്ചയാണ് കലയുടെ സമ്മാനം എന്നു പറയാമല്ലോ.



വ്യാജക്കണ്ണാടി